രാമവമ്മതമ്പുരാൻ—സ്വന്തം ജാതിക്കാക്കും കൊടുക്കുന്നുണ്ടെന്നു് ഇതിൽ പറഞ്ഞിട്ടുണ്ടു്

മിസ്റ്റർ കെ. പി. വള്ളോൻ.—എന്നാൽ ഇപ്പോഴം കൊടുത്തിട്ടുള്ളതിൽ അധികവും സ്വന്തം ജാതിക്കാക്കു മാത്രമല്ലേ കൊടുത്തിട്ടുള്ളു.

രാമവമ്മതമ്പുരാൻ:—വിവരം വരുത്തി നോക്കിട്ടു് മാത്രമേ അതിനു മറുപടിപറയാൻ സാധിയ്ക്കയുള്ളു.

## Ill-treatment of Depressed Classes.

**627.** മിസ്റ്റർ കെ. പി. വള്ളോൻ.—സംരക്ഷകന്റെ സ്വന്തം ജാതിക്കാർ സാധുക്കളായ അധഃകൃതരെ മർദ്ദിക്കുന്ന സമ്പ്രദായം നിറുത്തൽ ചെയ്യുവാൻ സംരക്ഷകൻ വല്ലതും പ്രവൃത്തിക്കുന്നുണ്ടോ?

രാമവമ്മതമ്പുരാൻ.—അങ്ങിനെ വരുമ്പോഴം നിയമാനുസരണം നടപടി നടത്തുന്നുണ്ടു്.

## Supply of water, etc., Panambukad.

**628** മിസ്റ്റർ കെ. പി. വള്ളോൻ—സംരക്ഷകൻ അവർകൾ പനമ്പുകാടു് മുതലായ സ്ഥലങ്ങളിലുള്ള അധഃകൃതർക്കു് ഓടിട്ട പുരകളും പൈപ്പു വെള്ളവും നൽകാമെന്നു വാഗ്ദാനം ചെയ്തിട്ടുള്ളതു് ഇതുവരേയും കൊടുത്തുകാണാത്തതു് എന്തുകൊണ്ടാണു്.

രാമവമ്മതമ്പുരാൻ.—വാഗ്ദാനം ചെയ്തിട്ടില്ല. അക്കാര്യത്തിൽ പനമ്പുകാടു് അധഃകൃതരുടെ അപേക്ഷയും ഉണ്ടായിട്ടില്ല.

## Trunk Roads, Ernakulam Municipality.

**629. Mr. P. Krishna Menon.**—Will the Government be pleased to state.—

(1) what is the total mileage of trunk roads within the Ernakulam Municipality if we accept the definition of trunk road as given by the Chief Engineer, as reported at page 1067 of Volume IV, 2nd Series, Part 12 of the Council report;

(2) what was the length of the trunk roads taken and relinquished by the Government in the Ernakulam Municipality;

3) what was the amount spent upon trunk roads by the Public Works Department in the year 1107 till the date of relinquishment,

(4) is there any reason for not treating (a) that portion of the road from the Cusba station northwards up to Town limits; (b) Thevara road, (c) Palathodu road, Hospital road, and Diwan's road as trunk roads?

**Mr. V. K. Aravindaksha Menon.**—(1) 4 miles and 7 furlongs.

(2) 4 miles and 7 furlongs.

(3) Rs. 1,726.

LIBRARY ARCHIVES Kerala Legislative Assembly